# ഏകജാലക പ്രവേശനം 2020

## അപേക്ഷകർ തന്നെ നേരിട്ട് അപേക്ഷിക്കുവാൻ സഹായിക്കുന്ന മാന്വൽ

### പ്ലസ് വൺ പ്രവേശനത്തിനു അപേക്ഷകർ എന്തെല്ലാം ചെയ്യണം.

## പൊതുനിർദ്ദേശങ്ങൾ

- പ്രോസ്പെക്ടസ്സിലെ നിർദ്ദേശങ്ങൾ വിശദമായി വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ അപേക്ഷാസമർപ്പണം ആരംഭിക്കുക.

- അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. അപേക്ഷകർക്ക് സ്വന്തമായി തന്നെ അപേക്ഷ സമർപ്പിക്കുവാൻ കഴിയും. മൊബൈൽ ഫോൺ ഉപയോഗിച്ചും അപേക്ഷ സമർപ്പിക്കാം. രേഖകൾ ഒന്നും അപ്‌ലോഡ് ചെയ്യേണ്ടതില്ല.

- രേഖകളും ഫീസും പ്രവേശനസമയത്ത് സ്കൂളിൽ ഹാജരാക്കിയാൽ മതി.

- അപേക്ഷാ സമർപ്പണം ആരംഭിക്കുന്നതിന് മുമ്പ് അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾക്കായി അവകാശം ഉന്നയിക്കുന്നുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൈവശം ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിലെ

വിവരങ്ങൾ(സർട്ടിഫിക്കറ്റ് നമ്പർ,തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി മുതലായവ)അപേക്ഷാ സമയത്ത് ഉൾപ്പെടുത്തേണ്ടതുണ്ട്

- അപേക്ഷകർക്ക് സ്വന്തമായോ ,അല്ലെങ്കിൽ പത്താം തരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവണ്മെൻറ്/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി പ്ലസ്‍വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

- തെറ്റായ വിവരങ്ങൾ നൽകി ലഭിക്കുന്ന അലോട്ട്മെൻറ് റദ്ദാക്കി പ്രവേശനം നഷ്ടപ്പെടുമെന്നുള്ളതിനാൽ അപേക്ഷയിൽ വിവരങ്ങൾ ശ്രദ്ധയോടും കൃത്യതയോടും കൂടി നൽകേണ്ടതാണ്.

## അപേക്ഷാസമർപ്പണ വേളയിൽ ശ്രദ്ധിക്കേണ്ടവ

- ഹയർ സെക്കണ്ടറി പ്ലസ്സ് വൺ പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക അഡ്മിഷൻ വെബ്സൈറ്റായ **www.hscap.kerala.gov.in** ൽ ലഭ്യമായ പ്രോസ്പെക്ടസ്സും അനുബന്ധങ്ങളും വ്യക്തമായി വായിച്ച് മനസ്സിലാക്കേണ്ടതാണ്.

- അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷാ നമ്പർ കൃത്യമായി എഴുതി സൂക്ഷിക്കുക.

- പ്രവേശന സംബന്ധമായ അറിയിപ്പുകൾ നൽകേണ്ടതിനാൽ ഓൺലൈൻ അപേക്ഷയിൽ വിദ്യാർത്ഥിയുടേയോ രക്ഷാകർത്താവിൻേറയോ മൊബൈൽ നമ്പർ മാത്രം നൽകുക.

- പ്രോസ്പെക്ടസ്സിലെ അനുബന്ധം 2 ലെ ലിസ്റ്റുകൾ പരിശോധിച്ച് അപേക്ഷകൻ ഏത് കാറ്റഗറിയിൽ വരുന്നു എന്ന് മനസ്സിലാക്കിയ ശേഷം മാത്രം കാറ്റഗറി സെലക്ട് ചെയ്യുക.

- അലോട്ട്മെൻറുകളും അനുബന്ധ വിവരങ്ങളും അറിയുന്നതിന് അഡ്മിഷൻ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

- അപേക്ഷാ സമർപ്പണം ആരംഭിക്കുന്നതിന് മുമ്പ് അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾക്കായി അവകാശം ഉന്നയിക്കുന്നുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൈവശം ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിലെ വിവരങ്ങൾ(സർട്ടിഫിക്കറ്റ് നമ്പർ,തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി മുതലായവ)അപേക്ഷാ സമയത്ത് ഉൾപ്പെടുത്തേണ്ടതുണ്ട്.

- അപേക്ഷാ സമർപ്പണം ആരംഭിക്കുന്നതിന് മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന സ്കൂളിൻെറ കോഡ്-കോഴ്സിൻെറ കോഡ് എന്നിവ(ഓപ്ഷനുകൾ) അടങ്ങുന്ന ഒരു ലിസ്റ്റ് എഴുതി കൈവശം വയ്ക്കുക.

## പ്ലസ്സ് വൺ പ്രവേശനത്തിലെ വിവിധ ഘട്ടങ്ങൾ

- അപേക്ഷാ സമർപ്പണം.
- ക്യാൻഡിഡേറ്റ് ലോഗിൻ



- ട്രയൽ അലോട്ട്മെൻറ് പരിശോധന
- ഓപ്ഷൻ പുന:ക്രമീകരണം
- അലോട്ട്മെൻറ് പരിശോധന
- സ്കൂൾ പ്രവേശനം ഉറപ്പാക്കൽ

<u>അപേക്ഷ ഓൺലൈൻ ആയി ചെയ്യുന്നതിനുള്ള മുന്നൊരുക്കങ്ങൾ.</u>

- യോഗ്യത പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റ് കയ്യിൽ കരുതുക. സ്കീം, രജിസ്റ്റർ നമ്പർ, പരീക്ഷ എഴുതിയ വർഷം, മാസം എന്നിവ നല്കാൻ ഇത് ആവശ്യം ആണ്.

- കാറ്റഗറി ശരിയായി രേഖപ്പെടുത്തുക. അതിനായി പ്രൊസ്പെക്ടസ്സിലെ **Appendix 2** ലെ ലിസ്റ്റുകളും അപേക്ഷകൻെറ കാസ്റ്റ് എന്നിവ പരിശോധിക്കുകയും അപേക്ഷകൻെറ കാറ്റഗറി ഏതാണെന്ന് കുറിച്ച് വയ്കുകയും ചെയ്യുക.

- ബോണസ് പോയിൻറ് ശരിയായി രേഖപ്പെടുത്തുക. ബോണസ് പോയിൻറ്, **IED,** അപേക്ഷാർത്ഥി രേഖപ്പെടുത്തുന്ന മറ്റു ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളും മുൻകൂട്ടി എടുത്ത് വയ്ക്കുക. ഈ രേഖകളിലെ നമ്പർ, തീയതി മുതലായ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതായി വരും.

- ശരിയായ മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവ നല്കുക.

- ഓപ്ഷനുകൾ ശരിയായി നല്കുക. അതിനു വേണ്ടി പ്രോസ്പെക്ടസിലെ സ്കൂൾ കോഴ്സുകളുടെ വിവരം നന്നായി പരിശോധിച്ച ശേഷം പഠിക്കാനാഗ്രഹിക്കുന്ന സ്കൂളിൻെറ കോഡ്--കോഴ്സിൻെറ കോഡ്, സ്കൂൾ കോഡ് – കോഴ്സ് കോഡ്, ............ ഈ രീതിയിൽ തയ്യാറാക്കിയ ഒരു ഓപ്ഷൻ ലിസ്റ്റ് മുൻകൂട്ടി എഴുതി തയ്യാറാക്കി കൈവശം വയ്ക്കുക.
  ( സി ബി എസ് ഇ പാസ്സായ അപേക്ഷകർ മാത്സ് ബേസിക് ആണ് പഠിച്ചതെങ്കിൽ അവർക്ക് കണക്ക് സബ്ജക്ട് വരുന്ന സയൻസ് കോഴ്സുകൾ ഓപ്ഷൻ ആയി നല്കാൻ കഴിയില്ല. )

- അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷാ നമ്പർ ശരിയായി എഴുതി സൂക്ഷിക്കുക.

- കാറ്റഗറി, ഓപ്ഷനുകൾ എന്നിവ രേഖപ്പെടുത്തുന്നതിൽ സംശയങ്ങൾ ഉണ്ടെങ്കിൽ സമീപത്തുള്ള സ്കൂളിലെ ഹെല്പ് ഡെസ്കിൻെറ സഹായത്തോടെ അവ രേഖപ്പെടുത്തുക.



## പ്ലസ് വൺ പ്രവേശനത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്ന രീതി..

**(2020 ജൂലൈ 29ന് വൈകിട്ട് 5 മണിയ്ക്ക് ശേഷം)**

1. അഡ്മിഷൻപോർട്ടലായ **www.hscap.kerala.gov.in** ൻെറ ഹോം പേജിലെ **'PUBLIC'** ടാബിനു താഴെയുള്ള **'APPLY ONLINE-SWS'** ലിങ്കിൽ ക്ലിക്ക് ചെയ്തതിനു ശേഷം ജില്ല സെലക്ട് ചെയ്ത് സബ്മിറ്റ് ബട്ടനിൽ ക്ലിക് ചെയ്യുക.

2. അപ്പോൾ താഴെ കാണുന്ന ലോഗിൻ പേജ് ദൃശ്യമാകുന്നതാണ്.



**Candidate Login**

| | |
|---|---|
| SSLC Scheme | SELECT SCHEME * |
| Register No. | REGISTER NO. * |
| Month pass | SELECT MONTH PASS * |
| Year pass | Select Year Pass * |
| Date of Birth (DD-MM-YYYY) | Date of Birth * |
| Mobile No | Mobile No * |
| Mode of Application Submission | School Help Desk * |
| Type the Code Shown in the Box | Enter the Captcha * |
| | 11611 |

Submit Reset

3.താഴെ കൊടുത്തിരിക്കുന്ന വിവിധ സ്കീമുകളിൽ നിന്ന് അപേക്ഷകൻെറ സ്കീം കൃത്യമായി തെരഞ്ഞെടുക്കുക.

| സ്കീം | കോഡ് | സ്കീം | കോഡ് |
| --- | --- | --- | --- |
| SSLC(Grading System)2019-20 | 01 | ICSE | 06 |
| SSLC(Grading System) 2007 to 2019 | 02 | THSLC-Technical (Grading System) | 07 |
| SSLC(Grading System)2005, 2006 | 03 | SSLC(IED) | 08 |
| THSLC-IHRD(Grading System) | 04 | Other | 09 |
| CBSE | 05 | THSLC –Tech.Edu(New Scheme 2016 Onwards) | 10 |

4.വർഷം,ജനനതീയതി, അപേക്ഷാ സമർപ്പണരീതി(സ്വന്തമായോ/സ്കൂൾ സഹായക കേന്ദ്രം മുഖേനയോ/മറ്റ് രീതിയിലോ) എന്നിവ നൽകി കഴിയുമ്പോൾ ചുവടെ കാണിച്ചിരിക്കുന്നത് പോലെ ഓൺലൈൻ അപേക്ഷ ഫോറം കാണാവുന്നതാണ്.

## SWS ONLINE APPLICATION ENTRY (2020-2021)

### SSLC School Details

| | |
|---|---|
| Application Number | 99041585 |
| Select school in which candidate passed Qualifying examination | 12345 - Others * |

### Qualifying Examination Details

| | |
|---|---|
| Scheme | 9 - Other |
| Register No. | 112233 |
| Month pass | 3 |
| Year pass | 2020 |
| Passed in Board exam | Yes * |

### Personal Details

| | |
|---|---|
| Name | CANDIDATE NAME * |
| Gender | SELECT * |
| Caste | CASTE * |
| Community | SELECT COMMUNITY * belongs to OEC |
| Religion | SELECT RELIGION * |
| Date of Birth | 01-01-2002 |
| Father's Name | FATHER'S NAME * |
| Mother's Name | MOTHER'S NAME * |
| Guardian's Name | GUARDIAN'S NAME * |
| Aadhaar No / Enrolment No | SELECT * |

### Other Details

| | |
|---|---|
| Whether Belongs to Ling.Minority | ☐ |
| Minority Language | SELECT |
| Whether Differently Abled? | ☐ |
| Differently Abled Type | ☐ O.H ☐ Blind ☐ Deaf ☐ Mental |
| Percentage of disability | Percentage of disability |

### Residence Details

| | |
|---|---|
| Resident State | Kerala * |
| Resident District | SELECT DISTRICT * |
| Resident Taluk | SELECT TALUK * |
| Resident Localbody | SELECT LOCAL BODY * |

### Contact Details

| | |
|---|---|
| Permanent Address | PERMANENT ADDRESS * |
| | PERMANENT ADDRESS |
| | PERMANENT ADDRESS |
| PIN Code | Pincode |
| | ☐ Same as permanent |
| Communication Address | COMMUNICATION ADDRESS * |
| | COMMUNICATION ADDRESS |
| | COMMUNICATION ADDRESS |
| PIN Code | Pincode |
| Mobile No | Mobile No * |
| Email ID | Email ID |

### Bonus Point Details

☐ NCC or Scout/Guide(Rashtrapathi Puraskar or Rajya Puraskar)
☐ Swimming
☐ Student Police Cadet

○ Dependent of jawan in Services/Ex-services
○ Dependent of jawan killed
● None

### Extra Curricular Activities

**Participation in Sports**

| State Level | Dist-1st(NPSL**) | Dist 2nd | Dist 3rd | Dist Lvl Part'n |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

**Participation in Youth Festivals**

| State Level | Dist-A(NPSL**) | Dist-B Grade | Dist-C Grade | Dist Lvl Part'n |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

(NPSL** :- Not Participated in State Level)

### Co-Curricular Activities

NTSE Qualified ☐

| | Grade A | Grade B | Grade C | Grade D | Grade E |
|---|---|---|---|---|---|
| State Science Fair | 0 | 0 | 0 | 0 | 0 |
| State Social Science Fair | 0 | 0 | 0 | 0 | 0 |
| State Maths Fair | 0 | 0 | 0 | 0 | 0 |
| State IT Fair | 0 | 0 | 0 | 0 | 0 |
| State Work Experience Fair | 0 | 0 | 0 | 0 | 0 |

| | |
|---|---|
| Philately Club | ☐ |
| Debating Club | ☐ |
| Oratory Club | ☐ |
| IT Club | ☐ |
| Literary Contribution | ☐ In periodicals ☐ In school magazines |
| Red Cross | ☐ |
| Social Science Club | ☐ |
| Science Club | ☐ |
| Environment Club | ☐ |
| Forestry Club | ☐ |
| Maths Club | ☐ |
| Health Club | ☐ |

☐ Participation in Scout/Guides(but not awarded Rashtrapathi Puraskar or Rajya Puraskar)

Chance No. *

### Actions

Submit Details

5. ഓൺലൈൻ അപേക്ഷയിൽ ആദ്യമായി വിദ്യാർത്ഥി പത്താംതരം പഠിച്ച സ്കൂളിന്റെ വിവരങ്ങൾ നൽകുക.വിദ്യാർത്ഥി പത്താം തരം പഠിച്ച സ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ ആണെങ്കിൽ സെലക്ട് ലിസ്റ്റിൽ നിന്നും പ്രസ്തുത സ്കൂൾ തെരഞ്ഞെടുക്കുക ഇല്ലെങ്കിൽ **Others** തെരഞ്ഞെടുക്കുക.

**SSLC School Details**

| | |
|---|---|
| Application Number | 99041585 |
| Select school in which candidate passed Qualifying examination | 12345-Others * |

6.അടുത്തതായി യോഗ്യതാ പരീക്ഷയുടെ വിവരങ്ങളാണ് നൽകേണ്ടത്.ലോഗിൻ പേജിൽ നമ്മൾ നൽകിയ വിവരങ്ങൾ(സ്കീം,രജിസ്ടർ നമ്പർ,പാസ്സായ വർഷം,മാസം)അവിടെ കാണിക്കും. ബോർഡ് എക്സാം പാസ്സായോ എന്ന ചോദ്യത്തിന് ബോർഡ് എക്സാം പാസ്സായവർ “യെസ്” അല്ലാത്തവർ “നോ” എന്നും നൽകുക.

**Qualifying Examination Details**

| | |
|---|---|
| Scheme | 9 - Other |
| Register No. | 112233 |
| Month pass | 3 |
| Year pass | 2020 |
| Passed in Board exam | Yes * |

7. അടുത്തതായി വിദ്യാർത്ഥിയുടെ പേര്,ജെൻഡർ,കാസ്റ്റ്,കാറ്റഗറി തുടങ്ങിയ വിവരങ്ങൾ നൽകുക.കാറ്റഗറി അനുബന്ധം 2 വിശദമായി പരിശോധിച്ച് കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കുക.കാറ്റഗറിയിൽ തെറ്റായ വിവരങ്ങൾ നൽകി ലഭിക്കുന്ന അഡ്മിഷൻ നിരസിക്കപ്പെടുമെന്നതിനാൽ വളരെയധികം ശ്രദ്ധയോടെ വേണം ഇത് രേഖപ്പെടുത്തുവാൻ,സംശയമുണ്ടെങ്കിൽ സ്കൂൾ സഹായകകേന്ദ്രങ്ങളുടെ സഹായം തേടാവുന്നതാണ്.വിദ്യാർത്ഥിയുടെ പിതാവിന്റെ പേര്,മാതാവിന്റെ പേര്,രക്ഷാകർത്താവിന്റെ പേര്(**Guardian’s Name**),ആധാർ നമ്പർ(ഉണ്ടെങ്കിൽ മാത്രം) എന്നിവയും നൽകുക.

## Personal Details

| | |
|---|---|
| Name | CANDIDATE NAME * |
| Gender | SELECT * |
| Caste | CASTE * |
| Community | SELECT COMMUNITY * ☐ belongs to OEC |
| Religion | SELECT RELIGION * |
| Date of Birth | 01-01-2002 |
| Father's Name | FATHER'S NAME * |
| Mother's Name | MOTHER'S NAME * |
| Guardian's Name | GUARDIAN'S NAME * |
| Aadhaar No / Enrolment No | SELECT * |

8. ഇനി നൽകേണ്ടത് ഭാഷാ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടതാണോ( linguistic minority) എന്നും ആണെങ്കിൽ എത് ഭാഷാ എന്നും രേഖപ്പെടുത്തുക.(അനുബന്ധം 1 നോക്കുക).വിഭിന്ന ശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആ വിവരങ്ങൾ (ഏത് വിഭാഗം തുടങ്ങിയവ)രേഖപ്പെടുത്തുക.(അപേക്ഷകരുടെ രക്ഷാകർത്താക്കൾ IEDC റിസോഴ്സ് അദ്ധ്യാപകരുടേയും മറ്റ് അദ്ധ്യാപകരുടേയും നിർദ്ദേശം തേടി ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിയുടെ അഭിരുചിയ്ക്ക് അനുയോജ്യമായ സ്കൂൾ/കോഴ്സ് തെരഞ്ഞെടുത്ത് ഓപ്ഷനായി അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.)

## Other Details

| | |
|---|---|
| Whether Belongs to Ling.Minority | ☐ |
| Minority Language | SELECT |
| Whether Differently Abled? | ☐ |
| Differently Abled Type | ☐ O.H ☐ Blind ☐ Deaf ☐ Mental |
| Percentage of disability | Percentage of disability |

9.അടുത്തതായി വിദ്യാർത്ഥിയുടെ ജില്ല, താലൂക്ക് ,പഞ്ചായത്ത് എന്നിവയാണ് രേഖപ്പെടുത്തേണ്ടത്.ഇത് വളരെ ശ്രദ്ധയോടെ രേഖപ്പെടുത്തണം,ഈ വിവരങ്ങൾക്ക് ബോണസ് പോയിൻറ് ഉള്ളതിനാൽ തെറ്റായ വിവരങ്ങൾ നൽകിയാൽ വിദ്യാർത്ഥിയ്ക്ക് ലഭിക്കുന്ന അഡ്മിഷൻ റദ്ദ് ചെയ്യപ്പെടാം.




10.അപേക്ഷകൻെറ മേൽ വിലാസമാണ് അടുത്തതായി നൽകേണ്ടത് സ്ഥിര മേൽ വിലാസം(**Permanent Address**),പിൻ കോഡ്,കമ്മ്യൂണിക്കേഷൻ അഡ്രസ്സ് എന്നിവ കൃത്യതയോടെ നൽകുക.സ്ഥിരമേൽവിലാസവും കമ്മ്യൂണിക്കേഷൻ അഡ്രസ്സും ഒന്നാണെങ്കിൽ(**Same as Permanent**) ടിക്ക് ചെയ്യുക. അപേക്ഷാർത്ഥിയുടേയോ രക്ഷാകർത്താവിൻേറയോ മൊബൈൽ നമ്പറും ഇ-മെയിൽ വിലാസവും മാത്രം നൽകുക.



11.ഇനി ബോണസ് പോയിൻറ് വിവരങ്ങളാണ് നൽകേണ്ടത്.എൻ.സി.സി(75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം) /സ്കൗട്ട് ആൻഡ് ഗൈഡ്(രാഷ്ട്രപതി പുരസ്കാർ/രാജ്യ പുരസ്കാർ നേടിയവർക്ക് മാത്രം)/നീന്തൽ അറിവ്(അപേക്ഷകൻ താമസിക്കുന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് കൗൺസിലിൻെറ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.അടുത്തതായി ജോലിയിലുള്ളതോ/എക്സ്-സർവ്വീസോ ആയ ജവാൻ മാരുടെ ആശ്രിതനാണോ,കൃത്യനിർവഹണത്തിനിടയിൽ കൊല്ലപ്പെട്ട ജവാൻെറ ആശ്രിതനാണോ ആണെങ്കിൽ ശരിയായത് തെരഞ്ഞെടുക്കുക അല്ലെങ്കിൽ **None** ചെക്ക് ചെയ്യുക.( ബോണസ് പോയിൻറുകൾക്ക് അവകാശം ഉന്നയിക്കുന്നവർ അപേക്ഷാസമർപ്പണ സമയത്ത് നിർദ്ദിഷ്ഠ സർട്ടിഫിക്കറ്റുകൾ കൈയ്യിൽ ഉണ്ടെങ്കിൽ മാത്രമേ അവകാശമുന്നയിക്കാവൂ.തെറ്റായ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ബോണസ് പോയിൻറിന് അവകാശം ഉന്നയിച്ചാൽ അപേക്ഷാർത്ഥിയ്ക്ക് ലഭിക്കുന്ന അഡ്മിഷൻ റദ്ദ് ചെയ്യപ്പെടാൻ അത് കാരണമാകും.)


Bonus Point Details

- [ ] NCC or Scout/Guide(Rashtrapathi Puraskar or Rajya Puraskar)
- [ ] Swimming
- [ ] Student Police Cadet

- ( ) Dependent of Jawan in Services/Ex-services
- ( ) Dependent of jawan killed
- (•) None

12. കായിക മത്സരങ്ങളിലോ യുവജനോത്സവങ്ങളിലോ പങ്കെടുത്തിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ രേഖപ്പെടുത്തുക.ആകെ നേടിയ ഗ്രേഡുകളുടെ എണ്ണമാണ് തന്നിരിക്കുന്ന ബോക്സുകളിൽ.(ഉദാഹരണത്തിന് ജില്ലാതല സ്കൂൾ കലോത്സവത്തിന് രണ്ട് എ ഗ്രേഡുകളും ഒരു ബി ഗ്രേഡും ലഭിച്ച അപേക്ഷകൻ എ ഗ്രേഡിൻെറ ബോക്സിൽ 2 എന്നും ബി ഗ്രേഡിൻെറ ബോക്സിൽ 1 എന്നും ആണ് രേഖപ്പെടുത്തേണ്ടത്).സംസ്ഥാനതലത്തിൽ പങ്കെടുക്കുകയും ഗ്രേസ്മാർക്ക് ലഭിക്കാതിരിക്കുകയും ചെയ്ത ഇനങ്ങളുടെ എണ്ണമാണ് **State Level participation** എന്ന ബോക്സിൽ രേഖപ്പെടുത്തേണ്ടത്.

**Extra Curricular Activities**

**Participation in Sports**

| State Level | Dist-1st(NPSL**) | Dist 2nd | Dist 3rd | Dist Lvl Part'n |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

**Participation in Youth Festivals**

| State Level | Dist-A(NPSL**) | Dist-B Grade | Dist-C Grade | Dist Lvl Part'n |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

(NPSL** :- Not Participated in State Level)

13. അടുത്തതായി എൻ.ടി.എസ്.ഇ (ദേശീയ/സംസ്ഥാനതല പരീക്ഷയിൽ യോഗ്യത നേടിയവർ)ടിക് ചെയ്യുക അല്ലാത്തവർ ടിക് ചെയ്യരുത്,സംസ്ഥാന തല ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിത, ഐ.ടി, പ്രവർത്തിപരിചയ മേളകൾ(പങ്കെടുത്ത് ലഭിച്ച ഗ്രേഡുകളുടെ എണ്ണം).

14.സ്കൂൾ തലത്തിലെ വിവിധ ക്ലബ്ബുകളിലെ പങ്കാളിത്ത സർട്ടിഫിക്കറ്റ് വിവരങ്ങൾ. സ്കൗട്ട് ആൻഡ് ഗൈഡ് പങ്കാളിത്തം (രാഷ്ട്രപതി പുരസ്കാരോ രാജ്യ പുരസ്കാരോ ഇല്ലാത്തവർ മാത്രം) ✓ ടിക്ക് ചെയ്യുക.

(12,13,14 ഖണ്ഡികയിലെ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം ടൈ ബ്രേക്കിങ്ങിന് ഉപയോഗിക്കുന്നതിനാൽ നിർദ്ദിഷ്ഠ സർട്ടിഫിക്കറ്റുകൾ കൈവശം ഉണ്ടെങ്കിൽ മാത്രമേ അവകാശം ഉന്നയിക്കാവൂ.)

15. ചാൻസ് നമ്പർ പത്താം തരം യോഗ്യതാ പരീക്ഷ എത്രാം തവണയാണ് പാസ്സായത്(ആദ്യ തവണ ആണെങ്കിൽ 1)ആദ്യമായി പത്താംതരം പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷ എഴിതി വിജയിച്ചവർ 1 എന്ന് തന്നെ രേഖപ്പെടുത്തുക.ഒന്നിലധികം തവണകളായാണ് പാസ്സായതെങ്കിൽ എത്ര തവണയെന്നത് ചാൻസായി രേഖപ്പെടുത്തണം.

## Co-Curricular Activities

| | | | | | |
|---|---|---|---|---|---|
| **NTSE Qualified** | ☐ | | | | |
| | **Grade A** | **Grade B** | **Grade C** | **Grade D** | **Grade E** |
| State Science Fair | 0 | 0 | 0 | 0 | 0 |
| State Social Science Fair | 0 | 0 | 0 | 0 | 0 |
| State Maths Fair | 0 | 0 | 0 | 0 | 0 |
| State IT Fair | 0 | 0 | 0 | 0 | 0 |
| State Work Experience Fair | 0 | 0 | 0 | 0 | 0 |
| Philately Club | ☐ | | | | |
| Debating Club | ☐ | | | | |
| Oratory Club | ☐ | | | | |
| IT Club | ☐ | | | | |
| Literary Contribution | ☐ In periodicals ☐ In school magazines | | | | |
| Red Cross | ☐ | | | | |
| Social Science Club | ☐ | | | | |
| Science Club | ☐ | | | | |
| Environment Club | ☐ | | | | |
| Forestry Club | ☐ | | | | |
| Maths Club | ☐ | | | | |
| Health Club | ☐ | | | | |
| ☐ Participation in Scout/Guides(but not awarded Rashtrapathi Puraskar or Rajya Puraskar) | | | | | |
| Chance No. | * | | | | |

ഇത്രയും വിവരങ്ങൾ നൽകി സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്ത് സബ്മിറ്റ് ചെയ്ത് കഴിയുമ്പോൾ സെലക്ട് ചെയ്ത സ്കീം അനുസരിച്ചുള്ള ഗ്രേഡ് വിവരങ്ങൾ നൽകാനുള്ള പേജ് ദൃശ്യമാകും.

# വിവിധ സ്കീമുകളുടെ ഗ്രേഡ് വിവരങ്ങൾ നൽകാനുള്ള സ്ക്രീനുകൾ

.

## സ്കീം 1

**Grade Details**

**Application Number :-** 99041586
**Scheme Studied :-** 1 - SSLC (2019-2020)
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Grade |
|---|---|---|
| 1 | First Language- I | A+ |
| 2 | First Language- II | A+ |
| 6 | English | B+ |
| 7 | Hindi | B |
| 10 | Social Science | A |
| 11 | Physics | B |
| 12 | Chemistry | B+ |
| 13 | Biology | B+ |
| 18 | Mathematics | C |
| 19 | Information Technology | A |

Submit Reset

സ്കീം 1 പ്രകാരമുള്ള അപേക്ഷാർത്ഥിയാണെങ്കിൽ ഗ്രേഡ് വിവരങ്ങൾ കാണിക്കും ശരിയാണോ എന്ന് മാർക്ക് ലിസ്റ്റ് നോക്കി പരിശോധിക്കുക.

# സ്കീം 2

### Grade Details

**Application Number :-** 99041586
**Scheme Studied :-** 2 - SSLC (2007-2019)
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Grade |
|---|---|---|
| 1 | First Language- I | SELECT |
| 2 | First Language- II | SELECT |
| 6 | English | SELECT |
| 7 | Hindi | SELECT |
| 10 | Social Science | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 13 | Biology | SELECT |
| 18 | Mathematics | SELECT |
| 19 | Information Technology | SELECT |

Submit Reset

സ്കീം 2 പ്രകാരമുള്ള അപേക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് നോക്കി ഗ്രേഡുകൾ നൽകുക.

# സ്കീം 3

**Grade Details**

**Application Number :-** 99041586
**Scheme Studied :-** 3 - SSLC (2005-2006)
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Grade |
|---|---|---|
| 1 | First Language- I | SELECT |
| 2 | First Language- II | SELECT |
| 4 | English - I | SELECT |
| 5 | English - II | SELECT |
| 7 | Hindi | SELECT |
| 8 | Social Science -I | SELECT |
| 9 | Social Science - II | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 13 | Biology | SELECT |
| 15 | Mathematics -I | SELECT |
| 16 | Mathematics -II | SELECT |
| 41 | Information Technology Practical | SELECT |

Submit Reset

സ്കീം 3 പ്രകാരമുള്ള അപേക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് നോക്കി ഗ്രേഡുകൾ നൽകുക.

# സ്കീം 4

**Grade Details**

**Application Number :-** 99041586
**Scheme Studied :-** 4 - THSLC-IHRD (New Scheme)
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Grade |
|---|---|---|
| 42 | Malayalam | SELECT |
| 6 | English | SELECT |
| 24 | Humanities | SELECT |
| 18 | Mathematics | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 13 | Biology | SELECT |
| 38 | Computer and IT | SELECT |
| 39 | Computer and IT Lab | SELECT |
| 31 | Electrical Engineering | SELECT |
| 40 | Electronics Trade(Theory) | SELECT |
| 27 | Elelctronics Production Technology (Practical) | SELECT |

Submit Reset

സ്കീം 4 ടി.എച്ച്.എസ്.എൽ.സി–ഐ.എച്ച്.ആർ.ഡി ന്യൂ സ്കീമിൽ പഠിച്ച അപേക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് നോക്കി ഗ്രേഡുകൾ നൽകുക.

# സ്കീം 5



Grade Details

Application Number :- 99041586
Scheme Studied :- 5 - CBSE
Qualifying Exam Register Number / Roll No :- 1234567

| Paper Code | Paper Name | | Min.Mark | Max.Mark | Mark | Normalized Grade With SSLC |
|---|---|---|---|---|---|---|
| 6 | English | | 33 | 100 | | |
| 7 | Language | | 33 | 100 | | |
| 18 | Mathematics | Select | 33 | 100 | | |
| 43 | Science and T | Select | 33 | 100 | | |
| 10 | Social Scienc | Basic<br>Standard | 33 | 100 | | |

Save Reset

1.സി.ബി.എസ്.ഇ ഈ വർഷം മുതൽ രണ്ട് തരം മാത്സ് പരീക്ഷ നടത്തുന്നുണ്ട്(ബേസിക് മാത്സ് / സ്റ്റാൻഡേർഡ് മാത്സ്)ഇതിൽ സ്റ്റാൻഡേർഡ് മാത്സ് പരീക്ഷ പാസ്സായവർക്ക് മാത്രമേ പ്ലസ്സ് വൺ പ്രവേശനത്തിന് മാത്സ് വിഷയമുൾപ്പെട്ട സയൻസ് കോമ്പിനേഷൻ തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ.( സി.ബി.എസ്.ഇ യുടെ 10/01/2019 ലെ സർക്കുലർ നമ്പർ Acad 3/2019 മുഖേന സി.ബി.എസ്സ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് Mathematics-Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഹയർസെക്കണ്ടറി തലത്തിൽ Mathematics ഉൾപ്പെട്ടിട്ടുള്ള വിഷയകോമ്പിനേഷൻ ഓപ്ഷനായി തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളു.)

2. അത് കൊണ്ട് സി.ബി.എസ്.ഇ പാസ്സായ വിദ്യാർത്ഥികൾ ഗ്രേഡ് വിവരങ്ങൾ കൊടുക്കുമ്പോൾ ഏത് മാത്സ് ആണ് പഠിച്ചതെന്നത്(ബേസിക് മാത്സ് / സ്റ്റാൻഡേർഡ് മാത്സ്) ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കണം..തെരഞ്ഞെടുക്കുമ്പോൾ നിങ്ങൾ തെരഞ്ഞെടുത്ത മാത്സ് ഓപ്ഷൻ ശരിയാണെന്ന് ഉറപ്പുണ്ടോ എന്ന് ചോദിക്കും അത് ശരി എന്ന് കൊടുത്താൽ മാത്രമേ മാത്സിൻെറ മാർക്ക് നൽകാൻ കഴിയുകയുള്ളൂ


hsCAP
Single Window System for Higher Secondary Admission, DHSE, Govt of Kerala
Home
SWS ONLINE APPLICATION ENTRY (2020-2021)
Grade Details
You have selected Mathematics Basic? Are you sure?
Cancel
OK
Paper Code
6 English 33 100
7 Language 33 100
18 Mathematics Basic 33 100
43 Science and Technology 33 100
10 Social Science 33 100
Save
Reset
NATIONAL INFORMATICS CENTRE - KERALA

# സ്കീം 6(I.C.S.E)

**Grade Details**

**Application Number :-** 99041586
**Scheme Studied :-** 6 - ICSE
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Min.Mark | Max.Mark | Mark | Grade |
|---|---|---|---|---|---|
| 6 | English | 33 | 100 | | |
| 42 | Language | 0 | 100 | | |
| 23 | History Civics & Geography | 0 | 100 | | |
| 18 | Mathematics | 0 | 100 | | |
| 14 | Science | 0 | 100 | | |
| 36 | Computer Applications | 0 | 100 | | |

Submit Reset

സ്കീം 6 ഐ.സി.എസ്.ഇ പഠിച്ച അപേക്ഷാർത്ഥിയുടെ ഗ്രേഡ് വിവരങ്ങൾ മാർക്ക് ലിസ്റ്റ് നോക്കി കൃത്യതയോടെ നൽകുക.ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ വിദ്യാർത്ഥി പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് മാർക്ക് നൽകുന്ന വിധം താഴെ സൂചിപ്പിക്കുന്നു.

- വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം മാത്തമാറ്റിക്സ് ആണെങ്കിൽ ഇക്കണോമിക്സ്, കമ്പ്യൂട്ടർ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ട് വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് മാത്തമാറ്റിക്സ് മാർക്കായി പരിഗണിക്കാം.

- വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം സയൻസ് ആണെങ്കിൽ എൺവിറോൺമെൻറ് സയൻസ്, അഗ്രികൾച്ചറൽ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ട് വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് സയൻസിന്റെ മാർക്കായി പരിഗണിക്കാം.ഈ വിഷയങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ 0 മാർക്ക് നൽകണം.

- ഒരു വിദ്യാർത്ഥി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പഠിച്ചിട്ടില്ലെങ്കിൽ (**Economic Applications, Commercial Applications, Home Science, Fashion Designing, Technical Drawing Applications, Environmental Applications**)എന്നിവയിലൊന്നിന്റെ മാർക്ക് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ മാർക്കായി പരിഗണിക്കാം.(പകരമുള്ള വിഷയങ്ങളിൽ ഒന്നിലധികം പഠിച്ചിട്ടുണ്ടെങ്കിൽ ആവറേജ് പരിഗണിക്കാം),

- ഈ വിഷയങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ 0 മാർക്ക് നൽകണം.

## സ്കീം 7(THSLC-Tech Edu Scheme Upto 2015)



**Grade Details**

**Application Number :-** 99041586
**Scheme Studied :-** 7 - THSLC-Tech.Edu(Scheme upto 2015)
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Grade |
|---|---|---|
| 42 | Malayalam | SELECT |
| 6 | English | SELECT |
| 24 | Humanities | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 18 | Mathematics | SELECT |
| 30 | Mechanical Engineering | SELECT |
| 31 | Electrical Engineering | SELECT |
| 32 | Engineering Drawing | SELECT |
| 34 | Trade Theory | SELECT |
| 33 | Workshop Practice | SELECT |
| 19 | Information Technology | SELECT |

Submit Reset

സ്കീം 7 2015 അദ്ധ്യയന വർഷത്തിലോ അതിൻ മുമ്പോ(**THSLC-Tech Edu**) പാസ്സായ അപേക്ഷാർത്ഥിയുടെ ഗ്രേഡ് വിവരങ്ങൾ മാർക്ക് ലിസ്റ്റ് നോക്കി കൃത്യതയോടെ നൽകുക.

# സ്കീം 8(SSLC IED)



**Grade Details**

**Application Number :-** 99041586
**Scheme Studied :-** 8 - SSLC(IED)
**Qualifying Exam Register Number / Roll No :-** 1234567

| Sl# | Paper Name | Grade |
|---|---|---|
| 1 | SELECT | SELECT |
| 2 | SELECT | SELECT |
| 3 | SELECT | SELECT |
| 4 | SELECT | SELECT |
| 5 | SELECT | SELECT |
| 6 | SELECT | SELECT |
| 7 | SELECT | SELECT |
| 8 | SELECT | SELECT |
| 9 | SELECT | SELECT |
| 10 | SELECT | SELECT |

Submit Reset

സ്കീം 8 SSLC IED സ്കീമിൽ പാസ്സായ അപേക്ഷാർത്ഥിയുടെ ഗ്രേഡ് വിവരങ്ങൾ മാർക്ക് ലിസ്റ്റ് നോക്കി കൃത്യതയോടെ നൽകുക.

# സ്കീം 9(Others)



**Grade Details Entry**

Application Number :- 99041586
Scheme Studied :- 9 - Other
Qualifying Exam Register Number / Roll No :- 1234567

| Paper Code | Paper Name | Grade Point |
|---|---|---|
| 3 | First language | SELECT |
| 6 | English | SELECT |
| 10 | Social Science | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 13 | Biology | SELECT |
| 18 | Mathematics | SELECT |
| 91 | Total Papers in the Qualifying Exam | |
| 92 | Total Grade Points Secured | |

Submit Reset

**GRADE POINT CALCULATER**

Note: It helps to calculate Grade Point corresponding to Marks secured.

Marks Secured 0

Maximum Marks 0

Calculate Clear

Grade Point:

മുകളിലെ സ്കീമുകളിൽ ഉൾപ്പെടാത്ത സ്കീമുകൾ എല്ലാം (National Institute of open schooling(NIOS),ART HSLC,Other States,Other Countries and Any Other scheme not included in scheme list) ഇവയിൽ ഉൾപ്പെട്ട അപേക്ഷാർത്ഥികളുടെ ഗ്രേഡ് വിവരങ്ങൾ സ്കീം 9(Others) ൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്. .ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ വിദ്യാർത്ഥി പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് മാർക്ക് നൽകുന്ന വിധം താഴെ സൂചിപ്പിക്കുന്നു.

## Grade Points for First language

- Malyalam,Hindi,Bengali,Marathi,Telugu,Urdu,Gujarati,Kannada,Sanskrit,Punjabi,Assamese,Nepali,Oriya,Arabic,Persian,Tamil എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിൻറ് നൽകണം.ഇവയിൽ ഒന്നിൽ കൂടുതൽ വിഷയം പഠിച്ചിട്ടുണ്ടെങ്കിൽ ഉയർന്ന ഗ്രേഡ് പോയിൻറ് രേഖപ്പെടുത്തണം.

## Grade Points for Science

- Science,Home Science എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിൻറ് നൽകണം. സയൻസ് വിഷയത്തിന്റെ മാർക്ക് തന്നെ ഫിസിക്സ്,കെമിസ്ട്രി,ബയോളജി എന്നിവയ്ക്ക് നൽകുക.

## Grade Points for Social Science

- Social Science,Economics,Businee Studies,Pschycology,Indian Culture & Heritage എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിൻെറ ഗ്രേഡ് പോയിൻറ് നൽകണം.

- ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ/അല്ലെങ്കിൽ വിഷയങ്ങളുമായി കൂടുതൽ ബന്ധമുള്ളവ പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് പൂജ്യം(0) മാർക്ക് നൽകണം.

- ഇപ്രകാരം നൽകി **"Total Papers in the Qualifyng Exam"** ൻെറ എണ്ണം കണക്കാക്കുമ്പോൾ സയൻസ് 3 വിഷയമായി കണക്കിലെടുക്കണം.

- മാർക്ക് ലിസ്റ്റിലെ എല്ലാ പേപ്പറിൻേറയും എണ്ണമാണ് **"Total Papers in the Qualifying Exam"** എന്ന ബോക്സിൽ എൻറർ ചെയ്യേണ്ടത്.എന്നാൽ പഠിക്കാത്ത വിഷയത്തിന് ഗ്രേഡ് പൂജ്യമായി(0) നൽകിയാൽ **"Total Papers in the Qualifying Exam"** ൻെറ എണ്ണത്തിൽ അത് ഉൾപ്പെടുത്തരുത്.

- മാർക്ക് ലിസ്റ്റിലെ എല്ലാ പേപ്പറിൻേറയും ഗ്രേഡ് പോയിൻറുകൾ എല്ലാം കൂടി കൂട്ടി കിട്ടുന്നതാണ് **"Total Grade Points Secured"** എന്ന ബോക്സിൽ എൻറർ ചെയ്യേണ്ടത്.

ഗ്രേഡ് പോയിൻറ് എൻട്രി പൂർത്തിയാക്കി കഴിഞ്ഞാൽ ഓപ്ഷൻ നൽകേണ്ട സ്ക്രീൻ ദൃശ്യമാകും.




വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന സ്കൂളിൻെറ കോഡും കോഴ്സ് കോഡും തെരഞ്ഞെടുക്കുക.

സ്കൂൾ കോഡ് എൻറർ ചെയ്യേണ്ടതിൻെറ തൊട്ടടുത്ത് സ്കൂൾലിസ്റ്റ് കിട്ടുന്ന **"Need help?Click here to view school list"** എന്ന ലിങ്ക് ഉണ്ട്,ആവശ്യമെങ്കിൽ അതിൽ ക്ലിക്ക് ചെയ്യുക.

ഇപ്രകാരം അപേക്ഷാർത്ഥിയ്ക്ക് ആവശ്യമുള്ളത്രയും ഓപ്ഷനുകൾ ചേർക്കാവുന്നതാണ്.

ഓപ്ഷനുകൾ നൽകി സബ്മിറ്റ് ചെയ്ത് കഴിഞ്ഞാൽ അപേക്ഷകൻ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ബോണസ് പോയിൻറ് ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ(സർട്ടിഫിക്കറ്റ് നമ്പർ,തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി മുതലായ വിവരങ്ങൾ) ഉൾപ്പെടുത്തേണ്ടതുണ്ട്.

ഈ വിവരങ്ങൾ ഉൾപ്പെടുത്തി കഴിഞ്ഞ് സബ്മിറ്റ് ചെയ്യുമ്പോൾ അപേക്ഷയിലെ വിവരങ്ങൾ കാണുവാനും ആവശ്യമെങ്കിൽ തിരുത്തുവാനും അവസരം ഉണ്ട്

അപേക്ഷയിലെ വിവരങ്ങൾ ഒരിക്കൽ കൂടി പൂർണ്ണമായി പരിശോധിച്ചതിന് ശേഷം അപേക്ഷ സമർപ്പണം പൂർത്തിയാക്കുക.

അപേക്ഷാ സമർപ്പണം പൂർത്തിയായി കഴിയുമ്പോൾ ലഭിക്കുന്ന ക്യാൻഡിഡേറ്റ് ലോഗിൻ വഴി വിദ്യാർത്ഥികൾക്ക് തന്നെ ട്രയൽ അലോട്ട്മെൻറ് കഴിഞ്ഞ് അപേക്ഷയിൽ ഓപ്ഷനുകൾ ഉൾപ്പടെ പുനഃക്രമീകരിക്കുവാൻ അവസരം ഉണ്ടാകും.

**അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത വിവരം വിദ്യാർത്ഥികൾ hssadmissionkerala@gmail.com എന്ന ഇ-മെയിലിലൂടെ ഐ.സി.റ്റി സെല്ലിൽ അറിയിക്കേണ്ടതാണ്. അന്നേ ദിവസം തന്നെ മറുപടി ലഭിക്കുന്നതാണ്.**

**ഫോൺ നമ്പർ : 0471 2529855, 0471 2529856 ,0471 2529857**

ഓൺലൈൻ അപേക്ഷാ സമർപ്പണവുമായി ബന്ധപ്പെട്ട എല്ലാ വിശദവിവരങ്ങൾക്കും പ്രോസ്പെക്ട്സ് കാണുക